പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 960 — 30.06.2015 ൽ മറുപടിയ്ക്ക്

# മുഖാരി/മൂവാരി സമുദായത്തെ ഒ. ബി. സി. ലിസ്റ്റിൽ ഉൾപ്പെടുത്തൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ടി. വി. രാജേഷ് | | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) | സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നില്ക്കുന്ന മുഖാരി/മൂവാരി സമുദായ ത്തെ ജോലി സംവരണം ലഭിക്കുന്ന തിനായി ഒ. ബി. സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നല്കുമോ; | എ) | മൂവാരി/മുഖാരി സമുദായത്തെ സംസ്ഥാന ഒ. ബി. സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച കാര്യം കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ പരിഗണനയിലാണ്. കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| ബി) | ഈ സമുദായാംഗങ്ങളുടെ കുട്ടികൾക്ക് ലഭിച്ചുകൊണ്ടിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) | സംസ്ഥാന ഒ. ബി. സി. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് മാത്രമേ ഒ. ബി. സി പ്രീമെട്രിക് സ്കോളർഷിപ്പിന് നിലവിൽ അർഹതയുള്ളൂ. മുഖാരി/ മൂവാരി സമുദായം സംസ്ഥാനത്തെ ഒ. ബി. സി. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത സമുദായം കേന്ദ്ര ഒ.ബി. സി. പട്ടികയിൽ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. മുഖാരി/മൂവാരി സമുദായത്തെ സംസ്ഥാനത്തെ ഒ. ബി. സി. പട്ടികയിൽ ഉൾപ്പെടുത്തുകയാണെങ്കിൽ ഇക്കാര്യം പരിഗണിക്കുന്നതാണ്. |

Vayalu

സെക്ഷൻ ഓഫീസർ